ഹോട്ടലുകളിലും തട്ടുകടകളിലും തിളപ്പിക്കാത്ത പാൽ ഉപയോഗിക്കുന്നതിനെതിരെ നടപടി

110(2578) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിക്കവാറും എല്ലാ ഹോട്ടലുകളിലും തട്ടുകടകളിലും ചായയ്ക്കും കാപ്പിക്കും ഉപയോഗിക്കുന്ന പാൽ ആവശ്യത്തിന് തിളപ്പിക്കാത്തതുകാരണം പല ജന്തുജന്യരോഗങ്ങളും മനുഷ്യരിലേക്കു കൂടി വ്യാപിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിളപ്പിക്കാത്ത പാലും മലിനജലവും ഉപയോഗിക്കുന്നതുമൂലം മനുഷ്യരിലേക്ക് പകരുന്ന രോഗങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(സി) ഇത്തരത്തിൽ തിളപ്പിക്കാത്ത പാലുപയോഗിച്ച് ഹോട്ടലുകളിലും തട്ടുകടകളിലും ചായ നല്കുന്നത് പരിശോധിച്ച് ഇവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും ബോധവൽക്കരണം നടത്തുന്നതിനും സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബ്രൂസെല്ലോസിസ്, കൃഫീവർ, മൈക്കോ ബാക്ടീരിയംമൂലമുള്ള രോഗങ്ങൾ എന്നിവ തിളപ്പിക്കാത പാൽ ഉപയോഗിച്ചാൽ ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. വൈറൽ ഹെപ്പറ്റൈറ്റിസ്, ടൈഫോയ്ഡ്, പാരസൈറ്റിക് ഇൻഫ്ലുവൻസ, സയേറിയൽ ഡിസോർഡേഴ്സ്, ഡിസെൻട്രി, കോളറ തുടങ്ങിയ രോഗങ്ങൾ മലിനജലം ഉപയോഗിച്ചാൽ ഉണ്ടാകുന്നവയാണ്.

(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഹോട്ടലുകളിലും തട്ടുകടകളിലും ജീവനക്കാരെ ബോധവത്കരിക്കുന്നതിനുവേണ്ടി സംസ്ഥാനമൊട്ടാകെ 3000 ക്ലാസ്സുകൾ നടത്തിയിട്ടുണ്ട്. പരിശോധന സമയങ്ങളിൽ തിളപ്പിക്കാത്ത പാൽ ശ്രദ്ധയിൽപ്പെട്ടാൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം നടപടി സ്വീകരിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly